നം. ഇ.എച്ച് 1/93942/2020/ആ.വ.ഡ തീയതി 27.07.2020

# സർക്കുലർ

വിഷയം - 2020 ലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന - 1. സർക്കാർ ഉത്തരവ് നം. 3/2017 ഉ.ഭ.പ.വ തിരുവനന്തപുരം തീയതി 25.02.17

2. സർക്കാർ ഉത്തരവ് നം. 480/2020/ആകുവ തീയതി 03.03.2020
3. സർക്കാർ ഉത്തരന് നം. 1192/2020/ആകുവ തീയതി 26.06.2020
4. സർക്കാർ ഉത്തരവ് നം. 1336/2020/ആകുവ തീയതി 22.07.2020

2020 ലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ വിവരിച്ചുകൊണ്ട് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എല്ലാ സ്ഥാപനമേധാവികളും ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതും അതിനുശേഷം ലോക്ക് ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ ലോക്ക് ചെയ്യാത്ത സ്ഥാപനങ്ങളിലെ അപേക്ഷ മേലധികാരികൾക്ക് ഫോർവേഡ് ചെയ്യുന്നതിന് സാധിക്കുന്നതല്ല. സ്പാർക്കിലെ സേവനവിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതുസ്ഥലംമാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപനമേധാവികൾക്കായിരിക്കുമെന്നും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

## ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ

(1) ഓൺലൈൻ മുഖാന്തിരം ആരോഗ്യവകുപ്പിലെ ജീവനക്കാർക്കുള്ള സ്ഥലംമാറ്റത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് www.spark.gov.in/webspark എന്ന സൈറ്റിൽ *Application for General Transfer* എന്ന ഓപ്ഷൻ open ചെയ്യുക.

(2) അപേക്ഷകന്റെ പെൻ നമ്പർ നൽകി ആ വ്യക്തിയുടെ സ്പാർക്ക് അക്കൗണ്ടിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ നൽകുമ്പോൾ അപേക്ഷാ ഫോറം ലഭ്യമാകുന്നതാണ്.

(3) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി / സെലക്ട് ചെയ്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തി ഡിക്ളറേഷൻ അംഗീകരിക്കുക.

(4) അതിനുശേഷം അതിനു താഴെയുള്ള ഒ.റ്റി.പി (വൺ ടൈം പാസ്‌വേഡ്) ൽ വെരിഫൈ ബട്ടൺ ക്ളിക് ചെയ്യുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിയ്ക്കുന്ന നമ്പർ ചേർത്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ചെയ്യുകയുള്ളൂ. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ യാതൊരുവിധ തിരുത്തലും സാദ്ധ്യമല്ലാത്തതിനാൽ കൃത്യമായും ശ്രദ്ധാപൂർവ്വം അപേക്ഷ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്.

(5) അതിനുശേഷം പ്രിന്റ് എടുത്ത് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ ഓഫീസിൽ സമർപ്പിക്കുക.

(6) ഈ സൗകര്യം ജീവനക്കാർക്ക് 05.08.2020 ന് വൈകിട്ട് 5.00 മണി വരെ മാത്രമേ ലഭ്യമാകുകയുള്ളൂ.

(7) ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ഓഫീസ് മേധാവി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തി ജില്ലാ മെഡിക്കൽ ഓഫീസർക്ക് 06.08.2020 ന് ഓൺലൈനിൽ 5.00 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ജില്ലാ മേലധികാരിയ്ക്ക് ലഭിയ്ക്കുന്ന സ്ഥലംമാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 10.08.2020 വൈകുന്നേരം 5.00 മണി വരെയാണ്. ഈ തീയതികളിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല. എല്ലാ ജീവനക്കാരും ഓഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ സ്പാർക്ക് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

(8) ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വെയ്ക്കുക, വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

(9) സ്പാർക്കിൽ ജീവനക്കാരുടെ സർവീസ് ഹിസ്റ്ററി യിൽ ശരിയായ രീതിയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെ ഉത്തരവാദിത്വമാണ്.

(10) സ്പാർക്ക് മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ചാൽ മാത്രമേ അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ വഴി ലഭിയ്ക്കുകയുള്ളൂ. അതിലേയ്ക്കായി എല്ലാ ഓഫീസിലേയും ഓഫീസ് login ൽ Service matter ൽ Online Transfer request - DHS - Online application - proceeding at office സെലക്ട് ചെയ്ത് ക്രമ നമ്പർ 22 മുതലുള്ള കാര്യങ്ങൾ സെലക്റ്റ് ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. Comment നൽകാനുള്ള കോളത്തിൽ മേൽപ്പറഞ്ഞ അപേക്ഷയിൽ സർവീസ് ബുക്കുമായി ഒത്തുനോക്കുമ്പോൾ വ്യത്യാസങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ കൺട്രോളിംഗ് ഓഫീസറുടെ അഭിപ്രായം രേഖപ്പെടുത്തി ഡയറക്ടറേറ്റിൽ സമർപ്പിക്കാവുന്നതാണ്.

(11) ജില്ലാ മെഡിക്കൽ ഓഫീസിൽ ഇങ്ങനെ ലഭിയ്ക്കുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ ചുവടെ ചേർക്കുന്നു.

നോഡൽ ഓഫീസർ - 0471 2519336

ഒപ്പ്
ഡോ. സരിത ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

ഉള്ളടക്കം - ബന്ധപ്പെട്ട സർക്കാർ ഉത്തരവ്

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും / ജീവനക്കാർക്കും

പകർപ്പ്

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

// അംഗീകാരത്തോടെ //
Geetha.K
സൂപ്രണ്ട്

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - 2020 ലെ പൊതു സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ) നം.1336/2020/ആ.കു.വ തീയതി,തിരുവനന്തപുരം, 22/07/2020

---

പരാമർശം:- 1 03.03.2020 ലെ സ.ഉ (സാധ്) 480/2020/ആകുവ നമ്പർ ഉത്തരവ്.

2 26/06/2020 ലെ സ.ഉ.(സാധാ) നം.1192/2020/ആ.കു.വ നമ്പർ ഉത്തരവ്

3 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.06.2020 ലെ ഇ.എച്ച്1/93942/2019/ആവഡ നമ്പർ കത്ത്.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ 2020ലെ പൊതു സ്ഥലംമാറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയും തുടർന്ന് 2020 ജൂൺ 30 വരെ അപേക്ഷ സ്വീകരിക്കുകയും 2020 ജൂലൈ 20 ന് കരട് ലിസ്റ്റ് തയ്യാറാക്കി ജൂലൈ 31-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണെന്ന് എന്ന് ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

കോവിഡ് 19 ഡ്യൂട്ടിക്ക് വിവിധ സ്ഥലങ്ങളിൽ നിയോഗിച്ചിട്ടുള്ളവർക്കും, നിരീക്ഷണത്തിലുള്ളവർക്കും പ്രസ്തുത തീയതിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിക്കുന്നതു സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാൻ രണ്ടാഴ്ചത്തെ സമയം ലഭിക്കുന്ന രീതിയിൽ പൊതുസ്ഥലംമാറ്റ സമയപരിധി പുന.ക്രമീകരിച്ച് നൽകുവാൻ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

ഈ സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും ആരോഗ്യ വകുപ്പിലെ 2020 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ 2020 ജൂലൈ 30 വരെ സ്വീകരിക്കുകയും2020 ആഗസ്റ്റ് 14 ന് കരട് ലിസ്റ്റ് തയ്യാറാക്കി 2020 ആഗസ്റ്റ് 25 ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ് എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJAN NAMDEV KHOBRAGADE
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

ആരോഗ്യ വകുപ്പ ഡയറക്ടർ. തിരുവനന്തപുരം

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം

29 JUN 2020

കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - 2020 ലെ പൊതു സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ)നം.1192/2020/ആ.കു.വ തിരുവനന്തപുരം, തീയതി, 26.06.2020

പരാമർശം : 1. 03.03.2020 ലെ സ.ഉ (സാധ) 480/2020/ആകുവ നമ്പർ ഉത്തരവ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.06.2020 ലെ ഇ.എച്ച്1/93942/2019/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ 2020 ലെ പൊതു സ്ഥലംമാറ്റ പ്രക്രിയ പൂർത്തീകരിക്കാൻ വകുപ്പിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിൽ തടസ്സം നേരിട്ടിരുന്നു എന്നും എന്നിരുന്നാലും സ്ഥലംമാറ്റ ഉത്തരവിന് ശേഷം സ്ഥാനം പുനപരിശോധിക്കും എന്ന ഉപാധിയിൽ എല്ലാ സ്ഥാനക്കയറ്റങ്ങളും ലോക്ഡൗൺ പീരിയഡിൽ പൂർത്തീകരിച്ചിട്ടുണ്ട് എന്നും ആയതിനാൽ ജൂൺ 30 നകം അപേക്ഷ സ്വീകരിച്ച് ജൂലൈ 20-ന് പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി ജൂലൈ 31 ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന രീതിയിൽ സ്ഥലമാറ്റം നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും പരാമർശം (1) സർക്കാർ ഉത്തരവിലെ ഒന്നാമത്തെ വ്യവസ്ഥ " 2020 ജൂൺ 30 വരെ അപേക്ഷ സ്വീകരിക്കുകയും 2020 ജൂലൈ 20 ന് കരട് ലിസ്റ്റ് തയ്യാറാക്കി ജൂലൈ 31-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്." എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജൻ നാംദേവ് ഖോബ്രഗഡേ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ ഡയറക്ടർ, തിരുവനന്തപുരം
ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം
ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Hari

സെക്ഷൻ ഓഫീസർ

0 4 MAR 2020

16716

കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - 2020 ലെ പൊതുസ്ഥലംമാറ്റം മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ)നം.480/2020/ആകുവ തിരുവനന്തപുരം, തീയതി, 03.03.2020

പരാമർശം :
1. 25.02.2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.01.2020 ലെ ഇ.എച്ച് 1-93942/2019/ആ.വ.ഡ നമ്പർ കത്ത്.
3. 29.12.2018 ലെ സ.ഉ (ആർ.റ്റി) 3822/2018/ആകുവ

ഉത്തരവ്

2020 -ലെ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ഉത്തരവാകുന്നു.

1. 2020 ഏപ്രിൽ 1 മുതൽ 20 വരെ അപേക്ഷ സ്വീകരിക്കുകയും 2020 ഏപ്രിൽ 25 ന് കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, ലഭിക്കുന്ന പരാതികൾ 2020 ഏപ്രിൽ 30 വരെ തീർപ്പാക്കി മെയ് 5-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.
2. കരട് ലിസ്റ്റും അന്തിമ ലിസ്റ്റും www.dhs.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം. അതോടൊപ്പം ഓരോ തസ്തികയുടെയും വെവ്വേറെ കരട് ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.
3. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ സ്ഥലംമാറ്റ അപേക്ഷ അനുകൂലമായി പരിഗണിക്കുവാൻ ഇടയായ കാരണങ്ങൾ (പുറം സ്ഥാപനത്തിലെ സേവനകാലം, സൈനിക സേവനത്തിലിരിക്കുന്നവരുടെ ആശ്രിതർ, പെൻഷൻ ആകാറായവർ, അനുകമ്പ അർഹിക്കുന്നവർ തുടങ്ങിയവ) കാണിച്ചിരിക്കേണ്ടതാണ്.
4. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും 2020 ഏപ്രിൽ 10-ന് മുൻപ് ഓരോ തസ്തികയ്ക്കും വെവ്വേറെ ആമുഖക്കുറിപ്പ് സഹിതം ബന്ധപ്പെട്ട വകുപ്പ് തലവൻമാരുടെ കാര്യാലയത്തിൽ ലഭ്യമാക്കണം.
5. 2020 മെയ് 20-ാം തീയതിയോടുകൂടി പുതിയ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കാനാവും വിധം ഷെഡ്യൂൾ തയ്യാറാക്കണം.

(മറുപുറം)

6. 2020 മാർച്ച് 31 ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ.

7. 2017 വർഷത്തിലെ പൊതു സ്ഥലം മാറ്റത്തിന്റെ ഭാഗമായി സ്ഥലം മാറ്റം കിട്ടിയവർക്ക് ഈ വർഷത്തെ പൊതു സ്ഥലം മാറ്റത്തിനുള്ള യോഗ്യതാ കാലം പൂർത്തിയായിട്ടില്ലെങ്കിലും അവരെ കൂടി ഈ വർഷത്തെ പൊതുസ്ഥലം മാറ്റത്തിനായി പരിഗണിക്കേണ്ടതാണ്.

8. അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

9. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ www.spark.gov.in/webspark എന്ന website വഴി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജൻ നാംദേവ് ഖോബ്രഗഡേ**
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.
ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (പരസ്യപ്പെടുത്തുന്നതിനായി).
കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Hari

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ..., 93942/2019/ആ.വ.ഫ, തീയതി 5/3/2020

ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും, തുടർ നടപടികൾക്കുമായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അയച്ചുകൊടുക്കുന്നു.

സ്വീകർത്താവ്
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി.

16/3

പകർപ്പ്:- സ്റ്റോക്ക്
EA/ED/EE/EG/EF/HT/FWA
ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

5/3/20